**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3305** **15-02-2024 - ൽ മറുപടിയ്ക്ക്**

**കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാവാലിപ്പുഴ തൂക്കുപാലത്തിന് മണ്ണുപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുകയും,അതു പ്രകാരം ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | 2019-20 ബജറ്റിൽ കിടങ്ങൂർ - കാവാലിപ്പുഴ തൂക്കുപാലം മീനച്ചിലാറിനു കുറുകെ നിർമ്മിക്കുന്നതിന് (KEL തയ്യാറാക്കിയ പ്രോജക്ട്) 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സസ്പെൻഷൻ പാലത്തിനു പകരം സ്റ്റീൽ ലാറ്റിസ് ഗിർഡർ ലൈറ്റ് വെഹിക്കുലർ പാലമാണ് KEL നിർദ്ദേശിച്ചിരിക്കുന്നത്. സ്റ്റീൽ ലാറ്റിസ് പാലത്തിന് ഡി.പി.ആർ. തയ്യാറാക്കാൻ 13,61,606/- രൂപ KEL ആവശ്യപ്പെട്ടതിനാൽ, പ്രസ്തുത രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെക്കൊണ്ട് നിർവഹിപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും അതിൻപ്രകാരം ഡിസൈൻ വിഭാഗം സൈറ്റ് സന്ദർശിച്ച്, മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്‌തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | 2019-20-ൽ നാല്പത് ലക്ഷം രൂപ വകയിരുത്തിയിരുന്ന കാവാലിപ്പുഴ തൂക്കുപാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (സി) | ഡി.പി.ആർ. തയ്യാറാക്കുന്നതിന് മണ്ണ് പരിശോധന നടത്തി ഡിസൈൻ വിഭാഗത്തിൽ സമർപ്പിക്കേണ്ടതുണ്ട്. മണ്ണ് പരിശോധനക്കായുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | 2020 ന് ശേഷം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | (സി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ